## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം:6145** **07.11.2016 ൽ മറുപടിക്ക്**

### നെയ്യാറ്റിൻകര നിയമസഭാ മണ്ഡലത്തിലെ മണ്ണ് സംരക്ഷണം

**ചോദ്യം**
**ശ്രീ.കെ. ആൻസലൻ**

**മറുപടി**
**ശ്രീ.വി. എസ്. സുനിൽകുമാർ**
**(കൃഷി വകുപ്പ് മന്ത്രി)**

| | |
|---|---|
| 2011 മുതൽ 2016 മാർച്ച് വരെ നെയ്യാറ്റിൻകര നിയമസഭാ മണ്ഡലത്തിൽ മണ്ണ് സംരക്ഷണവുമായി ബന്ധപ്പെട്ട് എന്തൊക്കെ ജോലികൾ ചെയ്തു എന്ന് വ്യക്തമാക്കാമോ ? | 2011 മുതൽ 2016 മാർച്ച് വരെയുള്ള കാലയളവിൽ നെയ്യാറ്റിൻകര നിയമസഭാ മണ്ഡലത്തിൽ മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് മുഖേന കേന്ദ്രസർക്കാർ പദ്ധതിയായ ദേശീയ നീർമറി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി അതിയന്നൂർ സബ് വാട്ടർഷെഡ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. നെയ്യാറ്റിൻകര മുനിസിപ്പാലിറ്റി, അതിയന്നൂർ, തിരുപ്പുറം ഗ്രാമ പഞ്ചായത്തുകൾ ഉൾപ്പെട്ട കൊടങ്ങാവിള, അതിയന്നൂർ, ഓലത്താന്നി മൈക്രോവാട്ടർഷെഡ് പ്രദേശത്താണ് പദ്ധതി നടപ്പിലാക്കിയത്. 2014-15 കാലയളവിൽ പൂർത്തീകരിച്ച പ്രസ്തുത പദ്ധതിയിൽ 55.09 ലക്ഷം രൂപ ചെലവഴിച്ച് മൺകയ്യാല, കല്ലുകയ്യാല, മഴക്കുഴികൾ, തെങ്ങിൻതടം എടുക്കൽ, കിണർ പുനരുദ്ധാരണം, കിണർ നിർമ്മാണം, കൈത്തോടുകളുടെ പാർശ്വസംരക്ഷണം , കന്നുകാലിത്തൊഴുത്ത് നിർമ്മാണം, വിവിധ വിളകളുടെ പ്രദർശനത്തോട്ടം, ഉപഭോക്തൃ സംഘങ്ങൾ, സ്വയം സഹായ സംഘങ്ങൾ എന്നിവയുടെ രൂപീകരണം, റിവോൾവിംഗ് ഫണ്ട് വിതരണം എന്നീ പ്രവർത്തനങ്ങളാണ് നടപ്പിലാക്കിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ